ഗ്രാമ ന്യായാലയം മതിലകം, എറിയാട്
സാന്നിദ്ധ്യം: ശ്രീമതി. അപർണ ഉദയകുമാർ, ന്യായാധികാരി
തിയ്യതി: 2026 മാർച്ച് 16, തിങ്കൾ (1947 ഫാൽഗുനം 25)

.......................................................................................................................................................

# M.C 08/2023

| | | |
|---|---|---|
| ഹർജിക്കാരി | : | ഷാബിത, 34 വയസ്സ്, W/o കണ്ണൻചക്കിശ്ശേരിയിൽ സാനിഷ് മോൻ, വടക്കേക്കര പി ഒ & D/o കാടാംപറമ്പത്ത് അബ്ദുൾഖാദർ, പി.ഒ. മാടവന, അത്താണി, കൊടുങ്ങല്ലൂർ താലൂക്ക്, പിൻ: 680666<br>(അഡ്വ: ഷീജ കെ ആർ) |
| എതിർകക്ഷി | : | സാനിഷ് മോൻ, 38 വയസ്സ്, S/o കണ്ണൻചക്കിശ്ശേരിയിൽ ബഷീർ, വടക്കേക്കര പി ഒ, പറവൂർ താലൂക്ക്, പിൻ: 683522<br>(എക്സ്പാർട്ടി) |

ഈ ഹർജി ഇന്നേ ദിവസം വാദത്തിനു വരുകയും, താഴെ പറയും പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

## ഉത്തരവ്

ഹർജിക്കാരി, ഈ ഹർജി ഗാർഹിക പീഢനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 2005, 12ാം വകുപ്പ് പ്രകാരം ഫയൽ ചെയ്തിട്ടുള്ളതാണ്.

2. **ഹർജിയുടെ ചുരുക്കം:** ഹർജിക്കാരിയും എതിർകക്ഷിയും തമ്മിലുള്ള വിവാഹം 09.05.2015–ന് മുസ്ലിം മതാചാരപ്രകാരം നടന്നതും, ആ വിവാഹബന്ധത്തിൽ നിന്ന് ഷിഹാന ഫാത്തിമ എന്ന 6 വയസ്സുള്ള ഒരു പെൺകുട്ടി ജനിച്ചതുമാണ്. കുട്ടി നിലവിൽ ഹർജിക്കാരിയോടൊപ്പം താമസിച്ചുവരുന്നു. വിവാഹസമയത്ത് ഹർജിക്കാരിയുടെ പിതാവ് 25 പവൻ സ്വർണ്ണാഭരണങ്ങളും അലമാര, ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ എന്നിവയും വിവാഹസമ്മാനമായി നൽകിയതായും, എതിർകക്ഷി തന്റെ ബിസിനസ് ആവശ്യങ്ങൾക്കും, വീടിന് മേലുള്ള ജപ്തി ഒഴിവാക്കുന്നതിനും, ജ്യേഷ്ഠന്റെയും എതിർകക്ഷിയുടെയും പേരിലുള്ള ചിറ്റാട്ടുകര ഗ്രാമപഞ്ചായത്ത് 1/217–ാം നമ്പർ കുടുംബവീട് എതിർകക്ഷിയുടെ പേരിലേക്ക് മാറ്റുന്നതിനുമായി, പ്രസ്തുത സ്വർണ്ണാഭരണങ്ങൾ എതിർകക്ഷി തിരികെ നൽകാം എന്ന വ്യവസ്ഥയിൽ കൈപ്പറ്റിയെങ്കിലും ഇതുവരെ തിരികെ നൽകിയിട്ടില്ലെന്നും ഹർജിക്കാരി ബോധിപ്പിക്കുന്നു. വിവാഹത്തിനു ശേഷം എതിർകക്ഷി ഹർജിക്കാരിയെ സ്വർണ്ണം പോര, സൗന്ദര്യം പോര തുടങ്ങിയ കാരണങ്ങൾ പറഞ്ഞ് മാനസികമായും ശാരീരികമായും പീഡിപ്പിക്കുകയും, കൂടാതെ, എതിർകക്ഷിക്ക് പരസ്ത്രീബന്ധമുണ്ടായിരുന്നുവെന്നും, അതുമായി ബന്ധപ്പെട്ട വോയ്സ് മെസേജ് ഹർജിക്കാരിക്ക് ലഭിച്ചതിനെ തുടർന്ന് ചോദ്യം ചെയ്തതിന്റെ പേരിൽ ഹർജിക്കാരിയെ തലങ്ങും വിലങ്ങും മർദ്ദിക്കുകയും അസഭ്യവാക്കുകൾ വിളിക്കുകയും ചെയ്തിട്ടുള്ളതും പിറ്റേന്ന് എതിർകക്ഷി ടി സ്ത്രീയുടെ വീട്ടിൽ പോയി പ്രശ്നമുണ്ടാക്കുകയും വീടാക്രമിച്ചതിന് ടിയാരി പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയും ചെയ്തതിലുള്ള

ദേഷ്യത്തിൽ എതിർകക്ഷി വീട്ടിൽ വന്ന് ഹർജിക്കാരിയെ അറാം പിറന്നോളെ എന്ന അസഭ്യവാക്ക വിളിക്കുകയും തലങ്ങും വിലങ്ങും തല്ലിയിട്ടുള്ളതും തുടർന്ന് ഹർജിക്കാരിയെ കൊടുങ്ങല്ലൂർ എം.എ.ടി. ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കുകയും കൗൺസിലിംഗിന് വിധേയമാക്കുകയും എന്നാൽ കൗൺസിലിംഗിന് ഹാജരാകണമെന്ന് നിർദേശിച്ചിട്ടും എതിർകക്ഷി സഹകരിച്ചിട്ടില്ലാത്തതുമാണ്. പിന്നീട് പ്രശ്നങ്ങൾ ആവർത്തിക്കില്ലെന്ന എതിർ കക്ഷിയുടെ ഉറപ്പിൽ, മകളുടെ ഭാവി പരിഗണിച്ച് ഹർജിക്കാരി വീണ്ടും എതിർകക്ഷിയുടെ വീട്ടിലേക്ക് പോയെങ്കിലും തുടർന്നും എതിർകക്ഷി പഴയതു പോലെ തന്നെ അന്യസ്ത്രീകളുമായി ബന്ധം സ്ഥാപിക്കുകയും ഹർജിക്കാരിക്ക് സൗന്ദര്യം പോരാന്നും സ്ത്രീധനം പോരാന്നും പറഞ്ഞു 23.03.2022 തിയ്യതി ഹർജിക്കാരിയെ എതിർകക്ഷി കൈകൊണ്ട് മുഖത്ത് അടിക്കുകയും, ചൂല്യ കൊണ്ട് ശരീരത്തിൽ അടിക്കുകയും ചൂരലുകൊണ്ട് പുറത്തടിക്കുകയും പുലിയാടി മോളേന്ന് അസഭ്യം പറഞ്ഞിട്ടുള്ളതും എതിർകക്ഷിയുടെ കൂട്ടുകാർ വന്ന് ഹർജിക്കാരിയെയും കുട്ടിയെയും ടിയാരിയുടെ വീട്ടിൽ കൊണ്ടുവന്നാക്കിയിട്ടുള്ളതുമാണ്. തുടർന്ന് ഇന്ന് വരെ ഹർജിക്കാരിക്കും കുട്ടിക്കും ചിലവിനു നൽകാത്തതുമാണ്. ഇപ്പോൾ ഹർജിക്കാരി വടക്കേകര നീതി മെഡിക്കൽഷോപ്പിൽ പാർട്ട് ടൈം ആയി ജോലി ചെയ്തുകിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ടാണ് ജീവിക്കുന്നത്. കൂടാതെ 23.03.2023–ന് എതിർകക്ഷി കൂട്ടുകാരോടൊപ്പം ഹർജിക്കാരിയുടെ ജോലി സ്ഥലത്ത് എത്തി ഹർജിക്കാരിയെ പുലയാടി മോളേ എന്ന് വിളിച്ച് അസഭ്യം പറയുകയും സെക്യൂരിറ്റിക്കാരനോട് ഹർജിക്കാരിക്ക് ദാമ്പത്യജീവിതത്തിന് കഴിവില്ലെന്നു മോശമായി സംസാരിക്കുകയും സെക്യൂരിറ്റിക്കാരൻ ഈ കാര്യം ഹർജിക്കാരിയോട് നേരിട്ടും മറ്റു സ്റ്റാഫുകൾ മുഖേനയും ചോദിക്കുകയും എല്ലാവരുടെയും മുൻപിൽ ഹർജിക്കാരി അപമാനിക്കപ്പെട്ടിട്ടുള്ളതുമാണ്. കൂടാതെ ആളുകളുടെ മുൻപിൽ വെച്ച് ഹർജിക്കാരിയെ സ്വസ്ഥമായി ജീവിക്കുവാൻ അനുവദിക്കുകയില്ലെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തിട്ടുള്ളതുമാണ്. എതിർകക്ഷി ഭർത്താവിന്റെയോ പിതാവിന്റെയോ യാതൊരു കടമകളും നിർവഹിക്കുന്നില്ലാത്തതും എതിർകക്ഷിക്ക് ഫർണീച്ചർ-ഇലക്ട്രോണിക്സ് ബിസിനസിലൂടെ പ്രതിമാസം ഏകദേശം ₹1,00,000/– രൂപ വരുമാനമുള്ളതും ആവശ്യമായ ചിലവുകൾ വഹിക്കാനുള്ള ശേഷിയുള്ളവനുമാണെന്ന് ഹർജിക്കാരി ബോധിപ്പിക്കുന്നു. ആയതിനാൽ നിയമത്തിലെ വകുപ്പ് 18 പ്രകാരം ഹർജിക്കാരിക്കെതിരെ യാതൊരുതരത്തിലുള്ള ഗാർഹിക അതിക്രമങ്ങളും നടത്തുന്നതിൽ നിന്നും എതിർകക്ഷിയെ വിലക്കുകയും, വകുപ്പ് 19 പ്രകാരം ഹർജിക്കാരിയുടെ ജോലി സ്ഥലത്ത് പ്രവേശിക്കുന്നത് നിരോധിക്കുകയും ചെയ്യണമെന്നും എതിർകക്ഷിയുടെ പേരിലുള്ള ചിറ്റാട്ടുക്കര ഗ്രാമപഞ്ചായത്ത് 1/217–ാം നമ്പർ വീട്ടിൽ ഹർജിക്കാരി പ്രവേശിക്കുന്നതിലും താമസിക്കുന്നതിലും തടസ്സം സൃഷ്ടിക്കരുതെന്ന് എതിർകക്ഷിയോട് നിർദേശിക്കണമെന്നും 20–ാം വകുപ്പ് പ്രകാരം ഹർജിക്കാരിയുടെ 25 പവൻ സ്വർണ്ണാഭരണങ്ങൾ എതിർകക്ഷി അന്യാധീനപ്പെടുത്തിയതിനാൽ ഉണ്ടായ സാമ്പത്തികനഷ്ടം പരിഹരിക്കുന്നതിന്, 25 പവൻ സ്വർണ്ണാഭരണങ്ങളോ അതിന്റെ

നിലവിലെ മാർക്കറ്റ് മൂല്യമോ ഹർജിക്കാരിക്ക് നൽകാൻ എതിർകക്ഷിയെ നിർദ്ദേശിക്കണമെന്നും ഹർജിക്കാരിക്കും കുട്ടിക്കും പ്രതിമാസം കുറഞ്ഞത് ₹10,000/- രൂപ ചെലവുവരുന്നതും, ആയതുകൊണ്ട് ബഹുമാനപ്പെട്ട കോടതിയുടെ ദയവുണ്ടായി പ്രതിമാസ പരിപാലനച്ചെലവ് നൽകാൻ എതിർകക്ഷിയോട് നിർദ്ദേശിക്കണമെന്നും കൂടാതെ, 22-ാം വകുപ്പ് പ്രകാരം എതിർകക്ഷിയിൽ നിന്നുണ്ടായ മാനസികവും വൈകാരികവുമായ ഗാർഹിക അതിക്രമങ്ങൾക്ക് നഷ്ടപരിഹാരമായി, ₹5,00,000/- രൂപ ഹർജിക്കാരിക്ക് അനുവദിക്കണമെന്നും കൂടാതെ കേസിന്റെ സാഹചര്യങ്ങൾ കണക്കിലെടുത്ത് ബഹുമാനപ്പെട്ട കോടതിക്ക് യുക്തമെന്ന് തോന്നുന്ന മറ്റ് എല്ലാ നിവൃത്തികളും അനുവദിക്കുന്നതിനും വേണ്ടിയുള്ള ഉത്തരവിനാണ് ഈ ഹർജി സമർപ്പിച്ചിരിക്കുന്നത്.

3. മേൽ ഹർജി ഈ കോടതി ഫയലിൽ സ്വീകരിക്കുകയും ഹർജിയിൽ എതിർകക്ഷിക്കു നോട്ടീസ് അയക്കുകയും ചെയ്തു. എതിർകക്ഷിക്കു നോട്ടീസ് ലഭിച്ച് അഭിഭാഷകൻ പ്രതിനിധീകരിച്ചെങ്കിലും വക്കാലത്ത് ഫയൽ ചെയ്യുകയോ കേസ് നടത്തുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല. ആയതിനെ തുടർന്ന് കോടതി മുമ്പാകെ എതിർകക്ഷി ഹാജരാകാത്തതിനാൽ ടി ഹർജി എക്സ്പാർട്ടിയായി കേൾക്കാൻ കോടതി ഉത്തരവിട്ടു.

4. ഹർജിക്കാരി ഹർജിക്കനുസൃതമായി തെളിവ് സത്യവാങ്മൂലം ബോധിപ്പിച്ചിട്ടുള്ളതും, ഹർജിക്കാരിയെ PW1 ആയി വിസ്തരിച്ചിട്ടുള്ളതും Exts.P1 മുതൽ P3 വരെ തെളിവ് നൽകിയിട്ടുള്ളതുമാണ്. ഹർജിക്കാരിയുടെയും എതിർകക്ഷിയുടെയും വിവാഹ സർട്ടിഫിക്കറ്റ് Ext.P1 ആയും, ഹർജിക്കാരിയുടെ ചികിത്സാ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന രേഖകൾ Ext.P2 ആയും, ഹർജിക്കാരിയുടെയും എതിർ കക്ഷിയുടെയും ഏക മകളുടെ ജനന സർട്ടിഫിക്കറ്റ് Ext.P3 ആയും മാർക്ക് ചെയ്ത് തെളിവിൽ സ്വീകരിച്ചിട്ടുള്ളതാണ്. എതിർകക്ഷിയുടെ ഭാഗത്ത് നിന്നും യാതൊരു തെളിവും ഹാജരാക്കിയിട്ടില്ല.

5. ഹർജിക്കാരിയുടെ ഭാഗം വാദം കേട്ടു.

6. താഴെ പറയുന്ന വിവാദവിഷയങ്ങൾ പരിഗണനയ്ക്കായി വയ്ക്കുന്നു.

1) ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീകളുടെ സംരക്ഷണ നിയമപ്രകാരം ഹർജിക്കാരി പീഡിപ്പിക്കപ്പെട്ട വ്യക്തിയാണോ?
2) എതിർകക്ഷി ഹർജിക്കാരിക്കെതിരെ ഏതെങ്കിലും ഗാർഹിക പീഡനം നടത്തിയിട്ടുണ്ടോ?
3) ഹർജിക്കാരിക്ക് ഒരു സംരക്ഷണ ഉത്തരവിന് അർഹതയുണ്ടോ?
4) ഹർജിയിൽ ആവശ്യപ്പെട്ടപ്രകാരമുള്ള പാർപ്പിട ഉത്തരവു ലഭിക്കുവാൻ

ഹർജിക്കാരിക്ക് അർഹതയുണ്ടോ?

5) ഹർജിയിൽ പറയും പ്രകാരം ഹർജിക്കാരിക്ക് വിവാഹഭരണമായി ലഭിച്ച എന്നു പറയുന്ന 25 പവൻ സ്വർണ്ണാഭരണങ്ങളോ അതിന്റെ നിലവിലെ മാർക്കറ്റ് വിലയോ എതിർകക്ഷിയിൽ നിന്നും ഈടാക്കി നല്കുന്നതിനുള്ള ഉത്തരവ് ലഭിക്കാൻ ഹർജിക്കാരിക്ക് അർഹത ഉണ്ടോ ?

6) ഹർജിയിൽ ആവശ്യപ്പെട്ടും പ്രകാരം മെയ്ന്റനൻസ് ഉത്തരവ് ലഭിക്കുവാൻ ഹർജിക്കാരിക്ക് അർഹതയുണ്ടോ?

7) അപേക്ഷിച്ചത് പോലെ ഹർജിക്കാരി അനുഭവിച്ച ശാരീരിക, മാനസിക, സാമ്പത്തിക നഷ്ടങ്ങൾക്ക് നഷ്ടപരിഹാരമായി ₹5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം) ലഭിക്കാൻ അർഹതയുണ്ടോ?

8) ഉത്തരവുകളും ചിലവുകളും?

7. **<u>വിവാദവിഷയങ്ങൾ 1 മുതൽ 3 വരെ</u>**:- ഹർജിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഹർജിക്കാരി സാക്ഷിക്കൂട്ടിലും ആവർത്തിച്ചു. ഹർജിക്കാരിക്ക് വിവാഹസമയത്ത് ഹർജിക്കാരിയുടെ പിതാവ് വിവാഹ സമ്മാനമായി നൽകിയ 25 പവൻ സ്വർണ്ണാഭരണങ്ങൾ, അലമാര, ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ എല്ലാം എതിർകക്ഷിയുടെ വീട്ടിലേക്ക് പോയപ്പോൾ കൊണ്ടുപോയിട്ടില്ലാത്തതാണ് എന്നും 25 പവന്റെ സ്വർണ്ണാഭരണങ്ങൾ എതിർകക്ഷി പല കാരണങ്ങൾ പറഞ്ഞ് തിരികെ നൽകാമെന്ന ഉറപ്പോടുകൂടി കൈപ്പറ്റിയിട്ടുള്ളതും തിരികെ നൽകാത്തതുമാണ് എന്നും മൊഴിയിൽ പറഞ്ഞിരിക്കുന്നു. വിവാഹം കഴിഞ്ഞ ആദ്യ നാളുകളിൽ തന്നെ എതിർകക്ഷി ഹർജിക്കാരിയെ സ്വർണം പോരായെന്നും സൗന്ദര്യം പോരായെന്നും ജ്യേഷ്ട്ടന്റെ ഭാര്യയുടെ അത്ര സൗന്ദര്യം ഇല്ല എന്നും പറഞ്ഞു മാനസികമായി പീഡിപ്പിക്കുന്നത് പതിവായിരുന്നുവെന്നും നിസ്സാര കാര്യത്തിന് പോലും എതിർകക്ഷി ഹർജിക്കാരിയോട് വളരെ മോശമായി പെരുമാറുകയും കുറ്റപ്പെടുത്തുകയും മർദ്ദിക്കുകയും പതിവായിരുന്നു എന്നും കൂടാതെ 2021 ഡിസംബർ മാസത്തിൽ എതിർകക്ഷിക്ക് പരസ്ത്രീ ബന്ധം ഉണ്ടായിരുന്ന ഒരു സ്ത്രീ ഹർജിക്കാരിക്ക് വോയിസ് മെസ്സേജ് അയക്കുകയും അതിനെ തുടർന്ന് ടി വിവരം ചോദ്യം ചെയ്തതിന്റെ പേരിൽ ഹർജിക്കാരിയെ എതിർകക്ഷി തലങ്ങും വിലങ്ങും മർദ്ദിക്കുകയും പിറ്റേന്ന് സ്ത്രീയുടെ വീട്ടിൽ പോയി പ്രശ്നമുണ്ടാക്കുകയും അവരുടെ വീട് ആക്രമിക്കുകയും ചെയ്തുവെന്നും തുടർന്ന് എതിർകക്ഷി വീട്ടിൽ വന്ന് ഹർജിക്കാരിയെ അറാം പിറന്നോളെ എന്ന അസഭ്യവാക്കു നിരവധി തവണ വിളിക്കുകയും ഹർജിക്കാരിയെ കൈകൊണ്ട് തലങ്ങും വിലങ്ങും തല്ലിയിട്ടുള്ളതും ഹർജിക്കാരിയെ തുടർന്നു കൊടുങ്ങല്ലൂർ എം.എ.ടി. ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കുകയും കൗൺസിലിംഗിന് വിധേയമാക്കുകയും എന്നാൽ കൗൺസിലിങ്ങിന് എതിർകക്ഷിയോട് വരാൻ പറഞ്ഞിട്ട് വന്നിട്ടില്ലാത്തത് ആണ് എന്നും എന്നാൽ അതിനുശേഷവും എതിർകക്ഷി ഹർജിക്കാരിയോട് പ്രശ്നങ്ങൾ

ആവർത്തിക്കില്ലെന്ന ഉറപ്പിൽ, മകളുടെ ഭാവി പരിഗണിച്ച് ഹർജിക്കാരി വീണ്ടും എതിർകക്ഷിയുടെ വീട്ടിലേക്ക് പോവുകയും ചെയ്തിട്ടുള്ളതാണ് എന്നും എന്നാൽ തുടർന്നും എതിർകക്ഷി പഴയത് പോലെ തന്നെ അന്യ സ്ത്രീകളുമായി ബന്ധം സ്ഥാപിക്കുകയും ഹർജിക്കാരിക്ക് സൗന്ദര്യം പോരാന്നും സ്ത്രീധനം പോരാന്നും പറഞ്ഞു 23.03.2022 തിയ്യതി ഹർജിക്കാരിയെ എതിർകക്ഷി കൈകൊണ്ട് മുഖത്ത് അടിക്കുകയും, ചൂല്യ കൊണ്ട് ശരീരത്തിൽ അടിക്കുകയും ചൂരലുകൊണ്ട് പുറത്തടിക്കുകയും പുലിയാടി മോളേന്ന് അസഭ്യം പറഞ്ഞിട്ടുള്ളതും എതിർകക്ഷിയുടെ കൂട്ടുകാർ വന്ന് ഹർജിക്കാരിയെയും കുട്ടിയെയും ടിയാരിയുടെ വീട്ടിൽ കൊണ്ടുവന്ന് ആക്കിയിട്ടുള്ളതുമാണ് എന്നും മൊഴി കൊണ്ട് കാണുന്നു. വടക്കേകര നീതി മെഡിക്കൽഷോപ്പിൽ പാർട്ട് ടൈം ആയി ഹർജിക്കാരി ജോലി ചെയ്യുന്ന സ്ഥലത്ത് വന്ന് ഹർജിക്കാരിയെ പുലയാടി മോളെ എന്ന് അസഭ്യവും അനാവശ്യവും പറയുകയും ഹർജിക്കാരിയെ കുറിച്ച് സെക്യൂരിറ്റികാരനോട് ദാമ്പത്യ ജീവിതത്തിന് ഹർജിക്കാരിക്ക് കഴിവില്ല എന്ന് മോശമായി സംസാരിക്കുകയും ഇക്കാര്യം സെക്യൂരിറ്റിക്കാരൻ ഹർജിക്കാരിയോട് നേരിട്ടും മറ്റു സ്റ്റാഫുകൾ മുഖേനയും ചോദിക്കുകയും എല്ലാവരുടെയും മുമ്പിൽ ഹർജിക്കാരി അപമാനിക്കപ്പെട്ടിട്ടുള്ളതുമാണ് എന്നും മൊഴി നൽകി. ഇതെല്ലാം ഹർജിക്കാരിയെ മാനസികമായി വളരെയധികം വിഷമിച്ചിട്ടുള്ളതാണ് എന്നും മൊഴിയിൽ നിന്ന് വ്യക്തമാകുന്നു. എതിർകക്ഷി ഹർജിക്കാരിയെ ജോലിസ്ഥലത്ത് വന്ന് പുലയാടി മോളെ എന്ന് വിളിക്കുകയും ആളുകളുടെ മുമ്പിൽവെച്ച് ഹർജിക്കാരിയെ സ്വസ്ഥമായി ജീവിക്കാൻ അനുവദിക്കുകയില്ലെന്ന് ഭീഷണിപ്പെടുത്തി പോയിട്ടുള്ളതിൽ ഹർജിക്കാർക്ക് ഭയമുണ്ടായിട്ടുള്ളതാണ് എന്നും മൊഴിയിൽ കാണുന്നു. ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ 28.11.2021 കാലഘട്ടത്തെ എം.ഐ.ടി മിഷൻ ഹോസ്പിറ്റൽ കൊടുങ്ങല്ലൂരിൽ നിന്നും ഒരു ഔട്ട് പേഷ്യന്റ് ടിക്കറ്റ് ആണ് ഹാജരാക്കിയിട്ടുള്ളത് എന്നും അതിൽ ഡോക്ടർ സ്ട്രെസ്സ്ഫുൾ ഇവന്റ് അറ്റ് ഹോം എന്നും കുറിച്ചിട്ടുള്ളതായിട്ടും കാണാൻ സാധിച്ചു. ആയതിനെതിരെ എതിർഭാഗത്തുനിന്നും മറുവാദമോ തെളിവുകളോ ഹാജരാക്കിയിട്ടില്ല. മേൽപ്പറഞ്ഞ കാരണങ്ങളാൽ ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമത്തിൽ നിർവചിക്കപ്പെട്ട രീതിയിൽ ഗാർഹിക പീഡനത്തിന് എതിർകക്ഷി ഹർജിക്കാരിയെ വിധേയയാക്കിയിട്ടുണ്ടെന്നും ഈ കോടതി കണ്ടെത്തുന്നു. ആകയാൽ ഹർജിക്കാരിക്ക് നിയമം അനുശാസിക്കുന്ന സംരക്ഷണ ഉത്തരവിന് അർഹതയുണ്ട്. ഈ പോയിന്റുകൾ ഹർക്കാരിക്ക് അനുകൂലമായി കണ്ടെത്തിയിരിക്കുന്നു.

8. **<u>വിവാദവിഷയം 4:</u>** – ഹർജിക്കാരിയുടെയും എതിർകക്ഷിയുടെയും വിവാഹം 09.05.2015 തീയതി ചേരമാൻ ഗാലക്സി ഓഡിറ്റോറിയത്തിൽ വച്ച് മുസ്ലിം മതാചാരപ്രകാരവും ബന്ധുമിത്രാദികളുടെ സാന്നിധ്യത്തിലും നടന്നിട്ടുള്ളതാണെന്നും എന്നും ആയത് തെളിയിക്കുന്നതിലേക്കായി 09.05.2015 ൽ വിവാഹം നടന്നതിന്റെ 22.03.2016 ലെ വിവാഹ

രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളത് Ext.P1 ആയി രേഖപ്പെടുത്തി തെളിവിലേക്കു പരിഗണിച്ചു. ഹർജിക്കാരിക്ക് വിവാഹ സമ്മാനമായി പിതാവ് നൽകിയ 25 പവന്റെ സ്വർണ്ണാഭരണങ്ങൾ എതിർകക്ഷി ബിസിനസ് ആവശ്യത്തിനും ജ്യേഷ്ഠന്റെയും എതിർകക്ഷിയുടെയും പേരിലുള്ള ചിറ്റാട്ടുകര ഗ്രാമപഞ്ചായത്ത് 1/217 എന്ന നമ്പർ ഇട്ടിട്ടുള്ള കുടുംബ വീട് എതിർകക്ഷിയുടെ പേരിലേക്ക് മാറ്റുവാനുമായി പലപ്പോഴായി ഹർജിക്കാരി എപ്പോൾ ആവശ്യപ്പെട്ടാലും തിരികെ നൽകാമെന്ന വ്യവസ്ഥയിൽ ഹർജിക്കാരിയിൽ നിന്ന് വിവാഹം കഴിഞ്ഞ ആദ്യനാളിൽ തന്നെ ഒരു ട്രസ്റ്റി എന്ന നിലയിൽ കൈപ്പറ്റിയിട്ടുള്ളതാണ് എന്നും എതിർകക്ഷി ഈ സ്വർണ്ണാഭരണങ്ങൾ ടിയാരിക്ക് തിരികെ നൽകിയിട്ടില്ലാത്തതാണ് എന്നും മൊഴി കൊണ്ട് കാണുന്നു. 23.03.2022 തീയതി എതിർകക്ഷി ഹർജിക്കാരിയെ കൈകൊണ്ട് മുഖത്തടിക്കുകയും ചൂലുകൊണ്ട് ശരീരത്തിൽ അടിക്കുകയും ചൂരൽ കൊണ്ട് പുറത്തടിക്കുകയും പുലയാടി മോളെ എന്ന് അസഭ്യം പറഞ്ഞിട്ടുള്ളത് ആണ് എന്നും തുടർന്ന് ഈ സ്ഥിതി കണ്ട് സുഹൃത്തുക്കൾ ഹർജിക്കാരിയെയും കുട്ടിയേയും ടിയാരിയുടെ വീട്ടിൽ കൊണ്ടുവന്ന ആക്കിയിട്ടുള്ളതാണ് എന്നും മൊഴി നൽകിയതായി കാണുന്നു. ആയതിനാൽ അന്നേദിവസം വരെ ഹർജിക്കാരി എതിർകക്ഷിയുടെ വീട്ടിൽ താമസം ആയിരുന്നുവെന്നും ടി വീട് ഹർജിക്കാരിയുടെ ഷെയേർഡ് ഹൗസ് ഹോൾഡ് ആണെന്നും മനസ്സിലാക്കുന്നു. ഹർജിഭാഗം തെളിവുകളെ എതിർഭാഗം വാദം ചെയ്യുകയോ ഖണ്ഡിക്കുകയോ ചെയ്യാത്തതിനാലും, എതിർകക്ഷിയോ ആൾക്കാരോ ഹർജിക്കാരിയുടെ പേരിലുള്ള ചിറ്റാട്ടുകര ഗ്രാമപഞ്ചായത്ത് 1/217 നമ്പർ ഇട്ടിട്ടുള്ള വീട്ടിൽ നിന്ന് ഇറക്കിവിടുകയോ ഹർജിക്കാരി പ്രവേശിക്കുന്നത് തടയുകയോ ഹർജിക്കാരിയെ യാതൊരു തരത്തിലുള്ള തടസ്സമോ ശല്യമോ ചെയ്തുപോകുന്നത് വിലക്കിയും, ടി സൂചന ഹർജിക്കാരിക്ക് അനുകൂലമായി കണ്ടെത്തിയിരിക്കുന്നു.

9. <u>**വിവാദവിഷയം 5:**</u> ഹർജിയും സത്യവാങ്മൂലവും പരിശോധിച്ചതിൽ എതിർകക്ഷിയുടെയും ഹർജിക്കാരിയുടെയും വിവാഹ സമയത്ത് ഹർജിക്കാരിയുടെ പിതാവ് 25 പവൻ സ്വർണ്ണാഭരണങ്ങളും അലമാര, ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ എന്നിവയും വിവാഹസമ്മാനമായി നൽകിയതായും, ആയതെല്ലാം എതിർകക്ഷിയുടെ വീട്ടിലേക്ക് പോയപ്പോൾ കൊണ്ടുപോയിട്ടുള്ളതാണ് എന്നും തനിക്ക് വിവാഹ സമ്മാനമായി ലഭിച്ച 25 പവന്റെ സ്വർണ്ണാഭരണങ്ങൾ എതിർകക്ഷി തന്റെ ബിസിനസ് ആവശ്യങ്ങൾക്കും, വീടിന് മേലുള്ള ജപ്തി ഒഴിവാക്കുന്നതിനും, ജ്യേഷ്ഠന്റെയും എതിർകക്ഷിയുടെയും പേരിലുള്ള ചിറ്റാട്ടുക്കര ഗ്രാമപഞ്ചായത്ത് 1/217–ാം നമ്പർ കുടുംബവീട് എതിർകക്ഷിയുടെ പേരിലേക്ക് മാറ്റുന്നതിനുമായി, പലപ്പോഴായി പ്രസ്തുത സ്വർണ്ണാഭരണങ്ങൾ ഹർജിക്കാരി എപ്പോൾ ആവശ്യപ്പെട്ടാലും തിരികെ നൽകാമെന്ന വ്യവസ്ഥയിൽ ഹർജിക്കാരിയിൽ നിന്ന് വിവാഹം കഴിഞ്ഞ ആദ്യനാളിൽ തന്നെ ഒരു ട്രസ്റ്റി എന്ന വ്യവസ്ഥയിൽ കൈപ്പറ്റിയെങ്കിലും നാളിതുവരെ തിരികെ നൽകിയിട്ടില്ലാത്തതാണ് എന്നും മൊഴി കൊണ്ട് കാണുന്നു. പ്രധാന

ഹർജിയോടൊപ്പം ഹർജിക്കാരി വിവാഹസമയത്ത് നൽകിയിട്ടുള്ള വിവാഹാഭരണങ്ങളുടെ ലിസ്റ്റ് കൂടെ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. അപ്രകാരം 2¼ പവന്റെ നെക്ലസ് മാല – 1 എണ്ണം, 3½ പവന്റെ ഷോമാല –1 എണ്ണം, 2 പവന്റെ തട വള – 1 എണ്ണം, 1 പവന്റെ വള –6 എണ്ണം, ¾ പവന്റെ വള –2 എണ്ണം, ½ പവൻ വീതം കമ്മൽ ഞാറ്റി (1 ജോഡി)–2 എണ്ണം, ½ പവൻ വീതം മോതിരം– 5 എണ്ണം, 1¼ പവൻ വീതം പാദസരം 1 ജോഡി – 2 എണ്ണം, ½ പവൻ വീതം കമ്മൽ സ്റ്റഡ് 1 ജോഡി – 2 എണ്ണം, 1 പവന്റെ കൈ ചെയിൻ – 1 എണ്ണം, 1 പവന്റെ മാല – 1 എണ്ണം, ¾ പവന്റെ മോതിരം (എതിർകക്ഷിക്ക് ഇട്ടത്) –1 എണ്ണം എല്ലാം ഉൾപ്പെടെ 25 പവൻ ആഭരണങ്ങൾ ഉള്ളതായി കാണുന്നു. ആയതിനാൽ ഉത്തരവ് തീയതിക്കനുസരിച്ച് എതിർകക്ഷി, ഹർജിക്കാരിക്ക് സമ്മാനമായി ലഭിച്ച മേൽപ്രസതാവിച്ച 25 പവൻ സ്വർണ്ണാഭരണങ്ങളോ അല്ലെങ്കിൽ ഉത്തരവ് പുറപ്പെടുവിക്കുന്ന ദിവസത്തെ ആ സ്വർണ്ണാഭരണങ്ങളുടെ തത്തുല്യ മാർക്കറ്റ് വിലയോ നൽകാൻ ബാധ്യസ്ഥനാണെന്ന് കാണുന്നു. ആയതിനെതിരെയും എതിർഭാഗത്തുനിന്നും മറ്റുവാദമോ തെളിവുകളോ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ വിഷയവും ഹർജിക്കാരിക്ക് അനുകൂലമായി കാണുന്നു. ആയതിനാൽ ഹർജിക്കാരിക്ക് വിവാഹ സമ്മാനമായി ലഭിച്ച 25 പവൻ അല്ലെങ്കിൽ ഉത്തരവ് പുറപ്പെടുവിക്കുന്ന ദിവസത്തെ ആ സ്വർണ്ണാഭരണങ്ങളുടെ തത്തുല്യ മാർക്കറ്റ് വിലയോ എതിർകക്ഷിയോട് നൽകുവാൻ ഈ കോടതി ഇതിനാൽ ഉത്തരവാകുന്നു.

10. **വിവാദവിഷയം 6 :–** എതിർകക്ഷിക്ക് ഫർണിച്ചർ & ഇലക്ട്രോണിക്സ് സാധനങ്ങൾ ഇൻസ്റ്റാൾമെന്റിൽ നൽകുന്ന ബിസിനസ് ആണ് എന്നും ഈ ബിസിനസ്സിൽ നിന്നും ടിയാന് പ്രതിമാസം 1,00,000/– രൂപ വരുമാനമുള്ളതാണ് എന്നും മാത്രമല്ല ടിയാൻ ചെറുപ്പവും ആരോഗ്യ ദൃഢഗാത്രനുമാണ് എന്നും ചെലവിന് നൽകുവാൻ കെൽപ്പുള്ളവനാണ് എന്നും തനിക്ക് താൽക്കാലിക ജോലിയിൽ തുച്ഛമായ വരുമാനം മാത്രമാണ് ഉള്ളത് എന്നും മൊഴി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ പിന്നീട് ഹർജിക്കാരി തനിക്ക് നിലവിൽ ജോലി ഒന്നും ഇല്ല എന്ന് സാക്ഷ്യപ്പെടുത്തിയ സത്യവാങ് മൂലം ഫയൽ ചെയ്തിട്ടുള്ളതാണ്. ഹർജിക്കാരിക്ക് ആഹാരത്തിന് 1000/– രൂപയും വസ്ത്രത്തിന് 1,000 രൂപയും മരുന്നിന് 1,000/– രൂപയും വീട്ടുചിലവുകൾക്ക് 3,000/– രൂപയും വെച്ച് പ്രതിമാസം മൊത്തം 6,000/– രൂപ ചിലവ് വരുന്നതും ആയത് എതിർകക്ഷിയിൽ നിന്ന് ലഭിക്കുവാൻ അർഹതയുണ്ട് എന്നും മൊഴിയിൽ പറഞ്ഞിട്ടുള്ളതായി കാണാൻ സാധിക്കുന്നു. ഹർജി പരിശോധിച്ചതിൽ മൈനർ ആയ കുട്ടിക്ക് നിത്യചിലവിനായുള്ള സംഖ്യ ചോദിച്ചിട്ടുണ്ടെങ്കിലും കുട്ടി നിലവിൽ പിതാവിന്റെ കൂടെ ആണ് താമസമെന്ന് പറഞ്ഞു കാണുന്നു. സത്യവാങ്മൂലം പരിശോധിച്ചതിൽ മൈനറായ കുട്ടിയുടെ നിത്യചിലവിനായി യാതൊരുവിധ സംഖ്യയും എതിർകക്ഷിയിൽ നിന്ന് ഹർജിക്കാരി ആവശ്യപ്പെട്ടു കാണുന്നില്ല. ആയതിനെതിരെ എതിർഭാഗം ഹാജരാകുകയോ, എതിർഭാഗത്തുനിന്നും മറുവാദമോ തെളിവുകളോ ഹാജരാക്കിയിട്ടോ ഉള്ളതല്ല. ആയതിനാൽ ഈ വിഷയവും ഹർജിക്കാരിക്ക് അനുകൂലമായി കാണുന്നു. ആയതിനാൽ ഹർജിക്കാരിയുടെ ചിലവിനത്തിലേക്കായി 6,000/– രൂപ വീതം

പ്രതിമാസം ഹർജിക്കാരിക്ക് കൊടുക്കുവാൻ എതിർകക്ഷിയോട് ഉത്തരവാകുന്നു.

11. **<u>വിവാദവിഷയം 7</u> :-** താൻ അനുഭവിച്ച ശാരീരിക മാനസിക സാമ്പത്തിക നഷ്ടങ്ങൾക്ക് നഷ്ടപരിഹാരമായി ₹5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം) അനുവദിക്കണമെന്നാണ് ഹർജിയിലെ മറ്റൊരു ആവശ്യം. ടിയാരിയുടെ മൊഴിയിൽ നിന്നും ടിയാരി പല വിധത്തിലുള്ള ശാരീരിക മാനസിക പീഡനങ്ങൾക്ക് വിധേയമായിട്ടുണ്ട് എന്നും കാണുന്നു. ഹർജിയും സത്യവാങ്മൂലം പരിശോധിച്ചതിൽ ഹർജിക്കാരിക്ക് സൗന്ദര്യമില്ല എന്നും സഹോദരന്റെ ഭാര്യയുടെ അത്രയും സൗന്ദര്യം ഹർജിക്കാരിക്കില്ല എന്നും സ്വർണ്ണാഭരണങ്ങൾ കുറവാണ് എന്നും പറഞ്ഞ് എതിർകക്ഷി നിരന്തരം ഹർജിക്കാരിയെ മാനസികമായി പീഡിപ്പിച്ചുവെന്നും ശാരീരികമായി ഉപദ്രവിച്ചുവെന്നും മൊഴി നൽകിയെങ്കിലും, ആയതിനു പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തു എന്നു പറയുന്നതിന്റെയോ ഒന്നും തെളിവുകൾ ഹാജരാക്കി കാണുന്നില്ല. 2021 ൽ പരസ്ത്രീ ബന്ധം ഉണ്ടായിരുന്ന ഒരു സ്ത്രീ വോയിസ് മെസ്സേജ് അയക്കുകയും അതിനെ തുടർന്ന് ചോദ്യം ചെയ്തതിന്റെ പേരിൽ ഹർജിക്കാരിയെ എതിർകക്ഷി തലങ്ങും വിലങ്ങും മർദ്ധിച്ചിട്ടുള്ളതാണ് എന്നും അതിനെ തുടർന്നും ഹർജിക്കാരിയെ ഹറാം പിറന്നവളെ എന്ന അസഭ്യവാക്ക് നിരവധി തവണ വിളിക്കുകയും ഹർജിക്കാരിയെ കൈകൊണ്ടും തലങ്ങും വിലങ്ങും തല്ലിയിട്ടുള്ളതും തുടർന്ന് ഹർജിക്കാരി കൊടുങ്ങല്ലൂർ എംഐടി ഹോസ്പിറ്റൽ, കൊടുങ്ങല്ലൂരിൽ ചികിത്സ തേടുകയും ചെയ്തിട്ടുള്ളതാണ് എന്നും മൊഴി കൊണ്ട് കാണുന്നു. ആയത് തെളിയിക്കുന്നതിലേക്ക് Ext.P2 ആയി എം.ഐ.ടി മിഷൻ ഹോസ്പിറ്റൽ, കൊടുങ്ങല്ലൂരിലെ ഒരു ഔട്ട് പേഷ്യന്റ് ടിക്കറ്റ് ഹാജരാക്കുകയും ആയതിൽ ഡോക്ടർ സ്ട്രെസ്സ്ഫുൾ ഇവന്റ് അറ്റ് ഹോം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതായും കാണാൻ സാധിക്കുന്നു. 23.03.2022 എതിർകക്ഷി ഹർജിക്കാരിയെ കൈകൊണ്ട് മുഖത്ത് അടിക്കുകയും ചൂല് കൊണ്ട് ശരീരത്തിൽ അടിക്കുകയും ചൂരലുകൊണ്ട് പുറത്തടിക്കുകയും പുലിയാടി മോളേന്ന് അസഭ്യം പറഞ്ഞിട്ടുള്ളതുമാണെന്നും മൊഴിപ്രകാരം വ്യക്തമാണ്. സത്യവാങ്മൂലം തുടർന്നു പരിശോധിച്ചതിൽ ഹർജിക്കാരിയെ ജോലി സ്ഥലത്ത് വന്ന് പുലയാടി മോളെന്നു അസഭ്യവും അനാവശ്യവും പറയുകയും ഹർജിക്കാരിയെ കുറിച്ച് സെക്യൂരിറ്റിക്കാരനോട് ദാമ്പത്യ ജീവിതത്തിന് ഹർജിക്കാരിക്ക് കഴിവില്ല എന്ന് മോശമായി സംസാരിക്കുകയും സെക്യൂരിറ്റിക്കാരൻ ഈ കാര്യം ഹർജിക്കാരിയോട് നേരിട്ടും മറ്റു സ്റ്റാഫുകൾ മുഖേനയും ചോദിക്കുകയും എല്ലാവരുടെയും മുൻപിൽ ഹർജിക്കാരി അപമാനിക്കപ്പെടുകയും ചെയ്തിട്ടുള്ളതാണ് എന്ന് മൊഴി നൽകിയിട്ടുള്ളതായി കാണാൻ സാധിച്ചു. കൂടാതെ ഹർജിക്കാരി ഫയൽ ചെയ്ത തെളിവ് സത്യവാങ്മൂലത്തിൽ ഹർജിക്കാരി നഷ്ടപരിഹാരം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എതിർകക്ഷിയുമായുള്ള വിവാഹം നിലനിൽക്കെ ഹർജിക്കാരി അനുഭവിച്ച മാനസിക വ്യഥകളും ശാരീരിക പീഡനങ്ങളും കണക്കിലെടുത്തുകൊണ്ട് 2 ലക്ഷം രൂപ നഷ്ടപരിഹാരമായി ഹർജിക്കാരിക്ക് നൽകുന്നത് ഉചിതമാകും എന്നും കാണുന്നു. ആയതുകൊണ്ട് എതിർകക്ഷി ഹർജിക്കാരിക്ക് രണ്ട് ലക്ഷം

രൂപ നഷ്ടപരിഹാരമായി നൽകുവാൻ ബാധ്യസ്ഥൻ ആണെന്ന് കാണുന്നു. ആയതിനെതിരെയും എതിർഭാഗത്തുനിന്നും മറുവാദമോ തെളിവുകളോ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ വിഷയവും ഹർജിക്കാരിക്ക് അനുകൂലമായി കാണുന്നു.

12. **വിവാദവിഷയം 8 :–** 1 മുതൽ 7 വരെ പോയിന്റുകളിൽ ഈ കോടതി എത്തിച്ചേർന്ന കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഹർജി താഴെ പറയും പ്രകാരം അനുവദിച്ച് കല്പനയായിരിക്കുന്നു;

1) ഹർജിക്കാരിക്കെതിരെ ഗാർഹിക അതിക്രമങ്ങൾ നടത്തരുതെന്നും, ഹർജിക്കാരിയുടെ ജോലി സ്ഥലത്ത് പ്രവേശിക്കരുതെന്നും എതിർകക്ഷിയോട് കല്പിച്ച് ഉത്തരവാകുന്നു.

2) എതിർകക്ഷിയുടെ പേരിലുള്ള ചിറ്റാട്ടുക്കര ഗ്രാമപഞ്ചായത്ത് 1/217–ാം നമ്പർ വീട്ടിൽ ഹർജിക്കാരി പ്രവേശിക്കുന്നതിലും താമസിക്കുന്നതിലും തടസ്സം സൃഷ്ടിക്കരുതെന്ന് എതിർകക്ഷിയെ വിലക്കുകയും; ഹർജിക്കാരിക്ക് സമ്മാനമായി ലഭിച്ച 25 പവൻ സ്വർണ്ണാഭരണങ്ങൾ എതിർകക്ഷി അന്യാധീനപ്പെടുത്തിയതിനാൽ, സമ്മാനമായി ലഭിച്ച 25 പവൻ സ്വർണ്ണാഭരണങ്ങൾ അല്ലെങ്കിൽ ഉത്തരവ് പുറപ്പെടുവിക്കുന്ന ദിവസത്തെ ആ സ്വർണ്ണാഭരണങ്ങളുടെ തത്തുല്യ മാർക്കറ്റ് വിലയോ ഹർജിക്കാരിക്ക് നൽകുവാൻ എതിർകക്ഷിയോട് കല്പിക്കുകയും ചെയ്യുന്നു.

3) ഹർജിക്കാരിയുടെ ചിലവിനായി പ്രതിമാസം 6,000/– രൂപ വീതം ഹർജിക്കാരിക്ക് നൽകുവാൻ എതിർകക്ഷിയോട് കല്പിക്കുന്നു.

4) ഹർജിക്കാരി അനുഭവിച്ച ശാരീരികവും മാനസികവുമായ പീഡനങ്ങൾക്ക് നഷ്ടപരിഹാരമായി രണ്ട് ലക്ഷം രൂപ എതിർകക്ഷി ഹർജിക്കാരിക്ക് നൽകണമെന്ന് കല്പിച്ച് ഉത്തരവാകുന്നു.

13. ഈ ഉത്തരവിന്റെ സൗജന്യ പകർപ്പ് ഹർജിക്കാരിക്കും, എതിർകക്ഷിക്കും, വടക്കേകര, കൊടുങ്ങല്ലൂർ എന്നീ പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥസ്ഥർക്കും നൽകേണ്ടതാണ്.

(ഞാൻ പറഞ്ഞു കൊടുത്തത് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്ത് ഞാൻ വായിച്ച് നോക്കി, തിരുത്തി തുറന്ന കോടതിയിൽ 16.03.2026 ന് ഇപ്രകാരം വിധി പറഞ്ഞിട്ടുള്ളതാണ്).

Sd/–
ന്യായാധികാരി
ഗ്രാമന്യായാലയം മതിലകം

**അനുബന്ധം**

വാദിഭാഗം സാക്ഷികൾ:

PW1 – ഷാബിത

വാദിഭാഗം മുദ്രിത പ്രമാണങ്ങൾ :

Ext.P1 – വിവാഹ സർട്ടിഫിക്കറ്റ്

Ext.P2 – ഹർജിക്കാരിയുടെ ചികിത്സാ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന രേഖകൾ

Ext.P3 – ഹർജിക്കാരിയുടെയും എതിർകക്ഷിയുടെയും ഏക മകളുടെ ജനന സർട്ടിഫിക്കറ്റ്

പ്രതിഭാഗം സാക്ഷികൾ : ഇല്ല

പ്രതിഭാഗം മുദ്രിത പ്രമാണങ്ങൾ : ഇല്ല

Sd/-

ന്യായാധികാരി
ഗ്രാമന്യായാലയം മതിലകം

//ശരി പകർപ്പ്//

ന്യായാധികാരി

ഗ്രാമന്യായാലയം മതിലകം

Order in MC 08/2023
Dated: 16.03.2026